**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3661 **15.07.2015** ലെ മറുപടിക്ക്

## എസ്.സി. പ്രൊമോട്ടർമാരുടെ സേവന കാലയളവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.തിലോത്തമൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | ചേർത്തല നഗരസഭാ പരിധി യിലുള്ള എസ്.സി. പ്രൊമോട്ടർ മാരുടെ സേവന കാലയളവ് നിശ്ചയിച്ച് ഉത്തരവ് ഇറക്കി യിട്ടുണ്ടോ,. ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ ; | (എ) & (ബി) | പഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരസഭ വ്യത്യാസമില്ലാതെ എസ്.സി. പ്രൊമോട്ടർമാരെ ഒരു വർഷത്തേയേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഇതു സംബന്ധിച്ചുള്ള 20.08.2001 ലെ 12003/ബി3/2001/പജപവവി നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. പട്ടികവർഗ്ഗ പ്രമോട്ടർമാരെ ഓരോ വർഷവും ഒരു ദിവസം വീതം സർവ്വീസ് ബ്രേക്ക് നല്കി അവരുടെ പ്രവർത്തനം വിലയിരുത്തി മൂന്ന് വർഷക്കാലത്തേയ്ക്ക് മാത്രമാണ് പുനർനിയമനം നല്കുന്നത്. ഇതു സംബന്ധിച്ച 19-11-2014 ലെ സ.ഉ(കൈ)നം.84/2014/പജപവവിവ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | പഞ്ചായത്ത് പരിധിയിൽ എസ്.റ്റി. പ്രൊമോട്ടർമാരുടെ കാലയളവ് ഇരുപതും അതിൽ കൂടുതലും വർഷങ്ങളായിരിക്കുമ്പോൾ മുനിസിപ്പൽ പ്രദേശത്ത് എസ്.സി. പ്രൊമോട്ടർമാരുടെ സേവന കാലയളവ് ഇപ്രകാരം നിശ്ചയി ക്കുവാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

12328
22/11/14

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ നിയമനം - ഓരോ വർഷവും ഒരു ദിവസം വീതം സർവ്വീസ് ബ്രേക്ക് നൽകി മൂന്നുവർഷക്കാലത്തേക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

സ.ഉ.(കൈ)നം. 84/2014/പജ.പവ.വിവ തിരുവനന്തപുരം, തീയതി: 19.11.2014

---

പരാമർശം: 1. 04.06.2014-ലെ സ.ഉ (കൈ) നം.35/14/പജപവവിവ നമ്പർ ഉത്തരവ്.
2. കേരള നിയമസഭാ സെക്രട്ടറിയുടെ 03.02.2014-ലെ 19703/എസ്.സി.എസ്.ടി/എ 1/12/നി.സെ നമ്പർ കത്ത്.
3. 14.05.2014, 01.10.2014 എന്നീ തീയതികളിലെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ എ 3-21118/12 നമ്പർ കത്തുകൾ.

**ഉത്തരവ്**

2014-15 വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവ നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനും, സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടിയെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് ചികിത്സ ഉറപ്പു വരുത്തുന്നതിനുമായി സേവന സന്നദ്ധതയുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളിൽ നിന്ന് ഒരു വർഷ ക്കാലത്തേക്ക് താല്ക്കാലികാടിസ്ഥാനത്തിൽ നിബന്ധനകൾക്കു വിധേയമായി പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ താല്ക്കാലികമായി നിയമിക്കപ്പെടുന്ന പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ കുറഞ്ഞത് മൂന്നുവർഷ കാലയളവിലേക്ക് നിയമിക്കണമെന്ന് പരാമർശം രണ്ട് പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി സർക്കാരിന് ശുപാർശ നൽകിയിരുന്നു. പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ ഓരോ വർഷവും ഒരു ദിവസം സർവ്വീസ് ബ്രേക്ക് നൽകി അവരുടെ പ്രവർത്തനം വിലയിരുത്തി മൂന്നുവർഷക്കാലത്തേക്ക് പുനർനിയമനം നൽകണമെന്ന് പരാമർശം മൂന്നിലെ കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ ഓരോവർഷവും ഒരു ദിവസം വീതം സർവ്വീസ് ബ്രേക്ക് നൽകി അവരുടെ പ്രവർത്തനം വിലയിരുത്തി മൂന്ന് വർഷക്കാലത്തേക്ക് പുനർനിയമനം നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകുന്നു. ഇപ്രകാരം ഓരോ വർഷവും ഇവരുടെ കരാർ പുതുക്കി നൽകുമ്പോൾ പുതുക്കിയ കരാർ നിർബന്ധമായും ഒപ്പിടേണ്ടതാണ്.

പരാമർശം ഒന്ന് ഉത്തരവിലെ 5-ാം മത് നിബന്ധന ഇപ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം.എസ്.എബ്രഹാം
ഗവ.ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ)/ആഡിറ്റ്, കേരള, തിരുവനന്തപുരം.
3. ഐ&പി.ആർ.ഡി വകുപ്പ്, വെബ് & ന്യൂമീഡിയ (പ്രസിദ്ധീകരണത്തിനായി)
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Haripriya

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.12003/ബി3/2001/പജപവവിവ

പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്
തിരുവനന്തപുരം, തീയതി **20.08.2001.**

ഗവൺമെന്റ് സെക്രട്ടറി

ഡയറക്ടർ
പട്ടികജാതി വികസന വകുപ്പ്
തിരുവനന്തപുരം.

സർ,

വിഷയം:- പട്ടികജാതി വികസനം - ഷെഡ്യൂൾഡ് കാസ്റ്റ് പ്രോഗ്രാം -കോർഡിനേറ്റർമാരെ പുതിയതായി നിയമിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന :- താങ്കളുടെ 16/07/2001-ലെ പ്ലാനിംഗ് 16923/2000 നമ്പർ കത്ത്.

*******************

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഷെഡ്യൂൾഡ് കാസ്റ്റ് പ്രോഗ്രാം കോർഡിനേറ്റർമാരെ തെരഞ്ഞെടുക്കുന്നത് താഴെ പറയുന്ന മാനദണ്ഡപ്രകാരമായിരിക്കണം.

എസ്.സി.പി. കോർഡിനേറ്റർ എന്ന നിലവിലുള്ള പേര് മാറ്റി എസ്.സി.പി. പ്രൊമോട്ടേഴ്സ് എന്നാക്കണം. ഇവരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്രീഡിഗ്രി ആയിരിക്കും. പട്ടികജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന പട്ടികജാതിയിൽപ്പെട്ടതും ദീർഘകാലമായി പട്ടികജാതിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതുമായ സാമൂഹ്യപ്രവർത്തകരേയും പരിഗണിക്കും. ഇവർ എഴുത്തും വായനയും അറിയാവുന്നവരായാൽ മതിയാകും. പ്രായപരിധി 18-നും 40-നും ഇടയിൽ ഉള്ളവരായിരിക്കും. എന്നാൽ സാമൂഹ്യപ്രവർത്തകരായി നിയമിക്കുന്നവരുടെ കുറഞ്ഞ പ്രായപരിധി 40 വയസായിരിക്കും. ഓരോ പഞ്ചായത്തിലും ഒരാളെ വീതവും മുൻസിപ്പാലിറ്റികളിൽ 3 പേരെ വീതവും കോർപ്പറേഷനിൽ 5 പേരെ വീതവും നിയമിക്കാവുന്നതാണ്. ഓരോ ജില്ലയിലും സാമൂഹ്യപ്രവർത്തകരിൽ നിന്നും നിയമിക്കുന്ന എസ്.സി. പ്രമോട്ടേഴ്സിന്റെ എണ്ണം മൊത്തം എണ്ണത്തിന്റെ 25% കവിയാൻ പാടില്ല. ഇവരുടെ പ്രതിമാസ ഓണറേറിയം 2000/- രൂപയായിരിക്കും. എന്നാൽ പ്രീ-മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ പ്രമോട്ടർമാർക്ക് ഹോസ്റ്റലിന്റെ റസിഡന്റ് ട്യൂട്ടർമാരുടെ ചുമതല കൂടി നൽകുന്നതും ഇത്തരം ചുമതലയുള്ളവരുടെ ഹോണറേറിയം 2500/- രൂപയായിരിക്കുന്നതുമാണ്. റസിഡന്റ് ട്യൂട്ടർമാരായി നിയമിക്കുന്നവർ ബിരുദധാരികളായിരിക്കേണ്ടതാണ്.

ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ വേണ്ട രീതിയിൽ പരസ്യം നൽകി അപേക്ഷ ക്ഷണിക്കുകയും കൂടിക്കാഴ്ച നടത്തി യോഗ്യരായവരെ തെരഞ്ഞെടുക്കേണ്ടതും പട്ടികജാതി വികസന ഡയറക്ടർ ഒരു വർഷത്തേയ്ക്കു കരാർ പ്രകാരം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇവരുടെ കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കുന്നതും പ്രവർത്തനം തൃപ്തികരമല്ലാത്ത പക്ഷം ഈ കാലയളവിനുള്ളിൽ തന്നെ ഇവരുടെ പ്രവർത്തനം അവസാനിപ്പിക്കാവുന്നതുമാണ്.

മേൽ നിർദ്ദേശ പ്രകാരം എസ്.സി.പി. പ്രമോട്ടർമാരെ തെരെഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. ഇപ്രകാരം നിയമനം നടത്തുവാൻ എത്ര കോർഡിനേറ്റർമാരെ നിയമിക്കേണ്ടി വരുമെന്നും അതിന്റെ നിലവിലുള്ള സ്കീം പ്രകാരവും അത് കഴിഞ്ഞുമുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുങ്കിൽ അതും പ്രത്യേകം കാണിച്ച് അടിയന്തിരമായി റിപ്പോർട്ടു ചെയ്യുവാൻ താല്പര്യപ്പെടുന്നു. മൂന്ന് ആഴ്ചയ്ക്കകം നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
എൽ.നടരാജൻ
ഗവൺമെന്റ് സെക്രട്ടറി

അംഗീകാരത്തോടെ

- sd/ -

സെക്ഷൻ ഓഫിസർ

സെക്ഷൻ ഓഫീസർ